**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5553** **15-03-2023 - ൽ മറുപടിയ്ക്ക്**

**തമിഴ്-കന്നഡ ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | തമിഴ്-കന്നഡ ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് വേണ്ടി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ) | ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറി, സെക്കന്ററിതല വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിൽ തന്നെ നൽകി വരുന്നുണ്ട്. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 10(aaaa) പ്രകാരം, മലയാളം അല്ലാത്ത മറ്റൊരു ഭാഷയിൽ റിക്രൂട്ട്മെന്റ് ടെസ്റ്റിൽ പങ്കെടുക്കുകയും ഏതെങ്കിലും സർവ്വീസിലേയ്ക്ക് നിയമനം ലഭിക്കുകയും ചെയ്യുന്ന ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ 31.03.1966 ലെ G.O(Ms)No. 142/PD നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മലയാളം ഭാഷാ പരീക്ഷ, ജോലിയിൽ പ്രവേശിച്ച് പരമാവധി 10 വർഷത്തിനുള്ളിൽ പാസായാൽ മതിയാകുന്നതാണ്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവിധ കോളേജുകളിലും വിവിധ ഹയർസെക്കന്ററി സ്കൂളുകളിലും ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി 5% സംവരണം അനുവദിച്ചിട്ടുണ്ട്. ഭാഷാന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാതല ഭാഷാന്യൂനപക്ഷ സമിതി രൂപീകരിക്കുന്നതിന് 16/10/2002 ലെ G.O(Rt)No.6324/2002/GAD പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല ഭാഷാന്യൂനപക്ഷ സമിതിയും നിലവിലുണ്ട്.<br><br>കെ.എസ്.&എസ്.എസ്.ആർ ഭാഗം-II ചട്ടം- 9(d) പ്രകാരം ഒരു തസ്തികയിലെ ഒഴിവിലേയ്ക്ക് ഏതെങ്കിലും ഒരു പ്രാദേശികഭാഷാ പരിജ്ഞാനം ആവശ്യമുണ്ടെന്ന് |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന് അഭിപ്രായമുള്ള പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് പ്രാദേശികഭാഷാജ്ഞാനമില്ലാത്ത സീനിയറിനെ മറികടന്ന് പ്രസ്തുത പ്രാദേശികഭാഷ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ബോധന മാധ്യമമായി പഠിച്ചിട്ടുള്ളതും ചട്ടപ്രകാരം ആവശ്യമായ യോഗ്യതകളുള്ളതുമായ ജൂനിയറിനെ താൽക്കാലികമായി നിയമിക്കാവുന്നതാണ്.<br><br>എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത ഒഴിവാക്കിക്കൊണ്ടുള്ള 11-05-1977 ലെ G.O.(P)No.139/77/GAD ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/ കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് 26-10-2019 ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തമിഴ് ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി സമർപ്പിക്കപ്പെട്ട നട്ടുവട്ടം ഗോപാലകൃഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചു വരുന്നു. |
| (സി) | തമിഴ് ഭാഷ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസവും സംസ്കാരവും പ്രോൽസാഹിപ്പിക്കുവാൻ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ തമിഴ് അക്കാഡമി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന തമിഴ് ഭാഷ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ 1950 ന് മുൻപ് കേരളത്തിൽ വന്നവരാണെന്ന് തെളിയിക്കണമെന്ന വ്യവസ്ഥയ്ക്ക് പകരം നട്ടുവട്ടം ഗോപാലകൃഷൻ റിപ്പോർട്ട് ശിപാർശ പ്രകാരം 1970 ന് മുൻപ് കേരളത്തിൽ സ്ഥിര താമസമാക്കിയവർ എന്ന വ്യവസ്ഥയിൽ പ്രസ്തുത ഭാഷ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ